## റ്റോമോയിലെ രീതികൾ

'ഓരോ കുട്ടിയേയും പരിഗണിച്ചായിരുന്നു റ്റോമോയിലെ കായികമേള.'

എങ്ങനെയൊക്കെയാണ് കൊബായാഷിമാസ്റ്റർ ഓരോരുത്തരെയും പരിഗണിച്ചിരുന്നത്? കൊബായാഷിമാസ്റ്ററുടെ ഈ സവിശേഷരീതിയെക്കുറിച്ച് ചർച്ച ചെയ്യൂ. നിങ്ങളുടെ കണ്ടെത്തലുകളെല്ലാം ചേർത്ത് കുറിപ്പ് തയ്യാറാക്കുമല്ലോ.

KINEMASTER

റ്റോമോസ്കൂളിലെ കായികമേളയിൽ ഓരോ കുട്ടിയെയും പ്രത്യേകം പരിഗണിക്കുന്ന രീതിയാണ് കൊബായാഷി മാസ്റ്റർ സ്വീകരിച്ചത്. കുട്ടികൾക്കായി പുതിയ ചില മത്സരങ്ങൾ കൊബായാഷി മാസ്റ്റർ കണ്ടുപിടിച്ചിരുന്നു. കായികസാമഗ്രികളൊന്നും ഇല്ലാതെ ലഭ്യമായ സൗകര്യത്തിലാണ് മത്സരങ്ങൾ നടത്തിയിരുന്നത്. മത്സരത്തിൽ വിജയിക്കുന്നതിനേക്കാൾ പ്രധാനമാണ് അതിൽ പങ്കെടുക്കുന്നതെന്ന് അദ്ദേഹം കുട്ടികളെ ബോധ്യപ്പെടുത്തി. മത്സരത്തിൽ പങ്കെടുക്കാനാകാത്ത യാസ്വാക്കിച്ചാനെപോലുള്ള കുട്ടികൾക്ക് മത്സരം നിയന്ത്രിക്കുന്ന ചുമതല നൽകി. ഇത്തിരിയോളം പോന്ന കൈകാലുകളുടെ ഉടമയായ തകാഹാഷിപോലെയുള്ളവരെ മത്സരത്തിൽ ഉൾപ്പെടുത്താനും മാസ്റ്റർ ശ്രദ്ധിച്ചു. കുട്ടികൾക്ക് ആത്മവിശ്വാസം പകർന്നുകൊടുക്കാൻ ഈ രീതി സഹായിച്ചു. എല്ലാവരും ഒത്തോരുമിച്ച് ഉത്സവം ആഘോഷിക്കുന്നതുപോലെയായിരുന്നു റ്റോമോസ്കൂളിലെ കുട്ടികൾ കായികമേളയിൽ പങ്കെടുത്തിരുന്നത്. കൊബായാഷിമാസ്റ്ററും മറ്റധ്യാപകരും കുട്ടികളോടൊപ്പം എല്ലാറ്റിലും മുന്നിൽനിന്നു.

## മത്സരങ്ങളല്ലാത്ത കളികൾ

റ്റോമോയിലും നമ്മുടെ സ്കൂളുകളിലും നടക്കുന്ന കായികമേളകളും മറ്റു പല കളികളും മത്സരങ്ങളാണ്. അവയിൽ ജയവും തോൽവിയുമുണ്ട്.

KINEMASTER

നിങ്ങൾ ജയവും തോൽവിയും ഇല്ലാത്ത കളികൾ കളിക്കാറുണ്ടോ?

- കണ്ണുകെട്ടിക്കളി
- അമ്മാനക്കളി
- കൊത്തങ്കല്ല്
- ഒളിച്ചുകളി
- കള്ളനും പോലീസും
- കുളം കര
- തലപ്പന്തുകളി
- നാരങ്ങവാല്
- കുട്ടിയും കോലും
- അക്ക് കളി
- നൊണ്ടിക്കളി
- കുഴിപ്പന്തുകളി
- ഈർക്കിൽ കളി
- കിളിത്തട്ടു കളി

## ചേരുമ്പോഴും പിരിയുമ്പോഴും

'ഒരപൂർവത' എന്ന വാക്ക് നോക്കൂ. ഒരു, അപൂർവത എന്നീ രണ്ടു പദങ്ങൾ ചേർന്നിരിക്കുന്നു.

ഇങ്ങനെ രണ്ടു വാക്കുകൾ ചേർത്ത് ഒറ്റവാക്കാക്കി എഴുതിയ മറ്റു പദങ്ങൾ പാഠത്തിൽനിന്ന് കണ്ടെത്തൂ. അവയെ മുകളിൽ കൊടുത്ത രീതിയിൽ വെവ്വേറെ വാക്കുകളാക്കി എഴുതുകയും വേണം.

KINEMASTER

- മൂന്നുകാലിലോട്ടം - മൂന്നുകാലിൽ, ഓട്ടം
- കായികമേളയ്ക്കുമുണ്ടായിരുന്നു - കായികമേളയ്ക്ക്, ഉണ്ടായിരുന്നു
- പങ്കെടുക്കാനാവാത്ത - പങ്കെടുക്കാൻ, ആവാത്ത
- ഊഴമവസാനിച്ചു - ഊഴം, അവസാനിച്ചു
- മറ്റെന്തിനും - മറ്റ്, എന്തിനും
- കട്ടിയേറിയ - കട്ടി, ഏറിയ
- ദൈർഘ്യമേറിയ - ദൈർഘ്യം, ഏറിയ
- സമയമൊന്നും - സമയം, ഒന്നും
- അവർക്കന്ന് - അവർക്ക്, അന്ന്
- തിരിച്ചിറങ്ങുക - തിരിച്ച്, ഇറങ്ങുക